പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4477    22.07.2015 ൽ മറുപടിക്ക്

## വ്യവസായ സുരക്ഷാ സേനയുടെ പ്രവർത്തനം

| ചോദ്യം<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. എ.റ്റി.ജോർജ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | മറുപടി<br><br>ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) വ്യവസായ സൂരക്ഷാ സേനയുടെ പ്രവർത്തനത്തിന് സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് | സംസ്ഥാനത്തെ 19 ഓളം സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളുടെ കറൻസി ചെസ്റ്റുകൾ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളായ മലബാർ സിമന്റ്സ്, ദൂരദർശൻ കേന്ദ്രം, ആൾ ഇന്ത്യ റേഡിയോ, കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, സ്വകാര്യ സ്ഥാപനങ്ങളായ നിറ്റാ ജലാറ്റിൻ ഇന്ത്യാ ലിമിറ്റഡ്, ഇൻഫോ പാർക്ക് കൊച്ചി എന്നിവ നിലവിൽ എസ്.ഐ.എസ്.എഫ് സൂരക്ഷ ലഭിക്കുന്നതിനായി സ്വീകരിക്കുന്നുണ്ട്. |
| സി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; | സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങളും സംരംഭങ്ങളും സൂരക്ഷാ ഭീഷണി നേരിടുന്നതിനായി സ്വകാര്യ സൂരക്ഷാ ഏജൻസികളെ ആശ്രയിക്കുന്ന ഈ കാലഘട്ടത്തിൽ, അവയ്ക്ക് മതിയായ സൂരക്ഷാ സംവിധാനം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് എസ്.ഐ.എസ്.എഫ് രൂപീകരിക്കപ്പെട്ടത്.സംസ്ഥാനത്തെ സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, എന്നിവയ്ക്ക് പേയ്മെന്റ് അടിസ്ഥാനത്തിൽ സൂരക്ഷാ ഗാർഡുകളെ നൽകാൻ കഴിയുന്നതിലൂടെ ഗവൺമെന്റിന് സ്ഥിരമായ വരുമാനം |

| | |
|---|---|
| | ലഭിക്കുന്നതിനും, സംസ്ഥാനത്തെ സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളുടെ സുരക്ഷ ശക്തമാക്കാനും കഴിയുന്നു. |
| (ഡി) ഇത് നടപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. | (ഡി) സംസ്ഥാനത്തെ വ്യവസായ സുരക്ഷാ സേനയിലേക്ക് 500 തസ്തികകൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനായി സൃഷ്ടിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാന പോലീസിൽ നിന്നും 488 സേനാംഗങ്ങളെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുകയും, അവരെ സംസ്ഥാനത്തെ വിവിധ സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളുടെ സുരക്ഷയ്ക്കായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ